**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5442** **03-11-2021 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയർ റയൺസിന്റെ ഭൂമിയിലെ കൈയ്യടക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മാവൂർ ഗ്വാളിയർ റയൺസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങളും കാടുകയറിയ സ്ഥലങ്ങളും വന്യമൃഗങ്ങളും സാമൂഹ്യ വിരുദ്ധരും കയ്യടക്കിയതുകാരണം കൃഷിക്കാർക്കും പൊതു സമൂഹത്തിനുമുണ്ടാവുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഉൾപ്പെടുന്ന പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങളും മറ്റും കാടുകയറി കിടക്കുന്നത് സാമൂഹ്യവിരുദ്ധർ താവളമാക്കുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് പോലീസ് റെയ്ഡുകൾ നടത്തിയിട്ടുള്ളതും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി പ്രദേശത്തെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ പോലീസ് പട്രോളിംഗ് നടത്തിയും മഫ്ത്തിയിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും നിരീക്ഷണം നടത്തി വരുന്നുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് പോലീസ് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഉൾപ്പെടുന്ന പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങളും മറ്റും കാടുകയറി കിടക്കുന്നത് സാമൂഹ്യവിരുദ്ധർ താവളമാക്കുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് പോലീസ് റെയ്ഡുകൾ നടത്തിയിട്ടുള്ളതും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി പ്രദേശത്തെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ പോലീസ് പട്രോളിംഗ് നടത്തിയും മഫ്ത്തിയിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും നിരീക്ഷണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ